(2) വി. സി. മാരുടെ കമ്മിറ്റി മുൻപാകെ ബോർഡിന്റെ ആവശ്യകത ഉൾപ്പെടെയുള്ള കാര്യങ്ങൾ ജീവനക്കാർക്ക് അവർ ആഗ്രഹിക്കുന്നെങ്കിൽ ഉന്നയിക്കാവുന്നതാണ്.

(3) വി. സി. മാരുടെ റിപ്പോർട്ട് കിട്ടിയ ശേഷമേ നിയമനിർമ്മാണമടക്കമുള്ള അനന്തര നടപടികൾ സ്വീകരിക്കുകയുള്ളൂ.

(4) വി. സി. മാരുടെ കമ്മിറ്റി അദ്ധ്യാപകർ, അനുഅദ്ധ്യാപകർ മറ്റു ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്തതിനുശേഷമേ റിപ്പോർട്ട് സമർപ്പിക്കുകയുള്ളൂ.

(5) അദ്ധ്യാപകരുടെയും മറ്റു ജീവനക്കാരുടെയും നിലവിലുള്ള സേവനവേതന വ്യവസ്ഥകൾക്ക് ആവശ്യമെന്നു വന്നാൽ നിയമനിർമ്മാണം വഴി സംരക്ഷണം നൽകുന്നതാണ്.

(6) റിപ്പോർട്ടിന്റെ ഇംപ്ലിമെന്റേഷൻ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശങ്ങൾ ഉണ്ടെങ്കിൽ അവ ജീവനക്കാരുടെ സംഘടന വഴി വീണ്ടും ഗവൺമെന്റിന് സമർപ്പിക്കാവുന്നതാണ്.

ഈ വിശദീകരണത്തിന്റെ വെളിച്ചത്തിൽ പല സംഘടനകളും സമരത്തിൽ നിന്നും പിൻമാറുകയുണ്ടായി. സമരം ആരംഭിച്ച് ദിവസങ്ങൾക്കു ശേഷം പ്രതിപക്ഷനേതാക്കളുടെ ആവശ്യം അനുസരിച്ച് രാഷ്ട്രീയകക്ഷി നേതാക്കളുമായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി വിശദമാക്കുകയും ചെയ്തു.

(1) പ്രീഡിഗ്രി ബോർഡിന്റെ വിശദാംശങ്ങളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയ വൈസ് ചാൻസലർമാരുടെ കമ്മിറ്റി, അവരുടെ റിപ്പോർട്ട് സമർപ്പിക്കുന്നതിനുമുൻപ് അതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രതിനിധികളുമായി ചർച്ച ചെയ്യുന്നതായിരിക്കും.

(2) ഈ കമ്മിറ്റിയുടെ റിപ്പോർട്ട് ഗവൺമെന്റിനു ലഭിക്കുന്നമുറക്ക് രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായും, ജീവനക്കാരുടെ പ്രതിനിധികളുമായും ചർച്ച ചെയ്തശേഷം യുക്തമായ തീരുമാനം ഗവൺമെന്റ് എടുക്കുന്നതാണ്. അതുവരെ ഇതിൻമേൽ യാതൊരു നടപടിയും സ്വീകരിക്കുന്നതല്ല.

(3) പ്രതികാര നടപടികൾ സ്വീകരിക്കുന്നതല്ല.

(4) അക്രമ സ്വഭാവമുള്ള കേസുകളും നടപടികളും പിൻവലിക്കുന്നതല്ല. അതൊഴികെയുള്ള കേസുകളും നടപടികളും പിൻവലിക്കുന്നതാണ്.

(ബി, സി) മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മലബാർ മേഖലയിൽ ടി. ടി. സി. കേന്ദ്രങ്ങളുടെ അപര്യാപ്തത

* 262 [401]. ശ്രീ. കെ. പി. രാമൻ:
,, കെ. പി. എ. മജീദ്:
,, പി. എം. അബൂബക്കർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ടി. ടി. സി. കേന്ദ്രങ്ങളുടെ അപര്യാപ്തത മൂലം വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ മലബാർ മേഖലയിൽ പുതിയ ടി. ടി. സി. കേന്ദ്രങ്ങളും ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഉണ്ട്.

(ബി) മലബാർ മേഖലയിൽ കാസർകോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ സ്കൂൾ വക ഓരോ ട്രെയിനിംഗ് സ്കൂൾ പുതുതായി ആരംഭിക്കുവാൻ 30-6-1986-ൽ ഉത്തരവായിട്ടുണ്ട്.

യൂണിവേഴ്സിറ്റി നിയമങ്ങൾ ഏകീകരിക്കാൻ നടപടി

* 263 [402] ശ്രീ. എം. വി. മാണി:
,, പി. സി. ജോർജ്ജ്:
,, ടി. എസ്. ജോൺ:
,, വി. വി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

കേരളാ, ഗാന്ധിജി, കാലിക്കറ്റ് സർവ്വകലാശാലകളെ ഒരേ നിയമത്തിൻ കീഴിൽ കൊണ്ടുവരാനുള്ള നടപടികളും സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

നടപടികളും സ്വീകരിച്ചുവരികയാണ്.

പുതിയ ജലഗതാഗത മാർഗ്ഗം

* 264 [403] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മുതൽ കാസർകോട് വരെ ജലഗതാഗത സൗകര്യത്തിനായി നിലവിലുള്ള തോടുകളുടെ വീതി കൂട്ടി ഒരു പുതിയ ജല ഗതാഗതമാർഗ്ഗം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പ്രവർത്തനം എന്നു മുതൽ തുടങ്ങി എന്നത്തേയ്ക്കവസാനിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) ഇക്കാര്യത്തിന് കേന്ദ്ര സഹായത്തിനു പുറമേ വിദേശ സഹായം ലഭ്യമാക്കാൻ ഗവൺമെന്റ് ശ്രമിക്കുമോ?

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ, ബി) ഉണ്ട്. വടക്ക് മഞ്ചേശ്വരം മുതൽ തെക്ക് കൊല്ലം കോടുവരെയുള്ള ജലഗതാഗതമാർഗ്ഗം ഒരു ദേശീയ ജലപാതയായി പ്രഖ്യാപിക്കാനുള്ള ഒരു പദ്ധതി 1982-ൽ കേന്ദ്ര ഗവൺമെന്റിനു അയച്ചുവെങ്കിലും അതിൽ വെസ്റ്റ് കോസ്റ്റ് കനാലിനെ കൊല്ലം മുതൽ കൊച്ചി വരെയുള്ള ഭാഗം മാത്രം ദേശീയ ജലപാതയായി പ്രഖ്യാപിക്കാൻ നാഷണൽ ട്രാൻസ്പോർട്ട് പോളിസി കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളൂ. പ്രസ്തുത കാര്യം കേന്ദ്ര ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

(സി) വിദേശസഹായം ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ ആരായാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly